(ഡി) പ്രസ്തുത വിവരങ്ങൾ സർക്കാർ തലത്തിൽ ശേഖരിച്ചിട്ടില്ല.

(ഇ) ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ യഥാസമയം തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രൊമോഷനിലെ അപാകത പരിഹരിക്കാൻ നടപടി

94 [3145] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സർവ്വീസ് സംഘടനകളുമായി 2004 ജൂലായ് അഞ്ചിന് നടത്തിയ ചർച്ചയിലെ തീരുമാനമനുസരിച്ചുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി തെറ്റായ പ്രൊമോഷൻ നടത്തിവരുന്നത് ഒഴിവാക്കുവാൻ ചർച്ചയിലെ തീരുമാനമനുസരിച്ച് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഗവൺമെന്റ് ആശുപത്രികളിൽ വികസന സമിതി രൂപീകരിക്കൽ

95 [3146] ശ്രീ. എം. എം. ഹസ്സൻ:

,, ബി. വിജയകുമാർ:

,, എ. കെ. മണി:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള ഗവൺമെന്റ് ആശുപത്രികൾക്കാണ് വികസന സമിതികൾ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ഗവൺമെന്റ് മെഡിക്കൾകോളേജ് ആശുപത്രികൾക്കും വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇവയുടെ അക്കൗണ്ട് എവിടെയാണ് തുറന്നിട്ടുള്ളത്;

(ഡി) ഇവയുടെ പണം ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഈവനിംഗ് കൗണ്ടറും, സൺഡേ കൗണ്ടറും ഉള്ള ബാങ്കുകൾ ഈ മെഡിക്കൽ കോളേജുകളുടെ സമീപത്തുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതികളുടെ അക്കൗണ്ട് അവിടെ തുറക്കാതിരുന്നത് എന്തുകൊണ്ടാണ്;

(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിക്ക് 2004 ഡിസംബർ 10, 11, 12 തീയതികളിൽ എന്തു തുകയുടെ കളക്ഷൻ കിട്ടിയെന്ന് വെളിപ്പെടുത്തുമോ;

(ജി) 2004 ഡിസംബർ 12-ാം തീയതി ഞായറാഴ്ച എത്ര രൂപ അവിടുത്തെ സേഫിന്റെ അറകളിൽ സൂക്ഷിച്ചിരുന്നുവെന്ന് വികസനസമിതി ഓഫീസിലുള്ള ലോക്കറിൽ പ്രസ്തുത തുക സൂക്ഷിക്കാതിരുന്നതെന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ലെപ്രസി സാനിട്ടോറിയം, കമ്മ്യൂണിറ്റിഹെൽത്ത് സെന്ററുകൾ, ജനറൽ ആശുപത്രി, ഗവൺമെന്റ് ആശുപത്രി, പ്രാഥമികാരോഗ്യകേന്ദ്രം തുടങ്ങിയ ആശുപത്രികളിലും, സംസ്ഥാനത്തുള്ള വിവിധ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രികളിലും, ഡയറക്ടറേറ്റ് ഓഫ് ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ കീഴിലുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രികളിലും ആശുപത്രി വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിലെ എല്ലാ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും വികസന സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) രൂപീകരിച്ചിട്ടുണ്ട്.

(സി) ഇവയുടെ അക്കൗണ്ടുകൾ ദേശസാത്കൃത ബാങ്കുകളിലാണ് തുടങ്ങിയിട്ടുള്ളത്.

(ഡി) തിരുവനന്തപുരത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലും ആലപ്പുഴയിൽ കോർപ്പറേഷൻ ബാങ്കിലും, കോട്ടയത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലും, കോഴിക്കോട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലും തൃശ്ശൂരിൽ എസ്.ബി.റ്റി.-യിലും കാനറാ ബാങ്കിലുമാണ് പണം നിക്ഷേപിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് എസ്.ബി.ടി. സൺഡേ കൗണ്ടർ പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഫോർട്ട് ബ്രാഞ്ചിലും, കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽകോളേജ് ആശുപത്രി വികസന സമിതിയുടെ തുക കാരാപ്പറമ്പിൽ വിജയ ബാങ്കിലും നിക്ഷേപിച്ചിട്ടുണ്ട്. ഈവനിംഗ് കൗണ്ടറും സൺഡേ കൗണ്ടറും ഉള്ള ബാങ്കുകൾ ഈ രണ്ട് ആശുപത്രികളുടേയും സമീപത്ത് പ്രവർത്തിക്കുന്നില്ല.

(ഇ—ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly